# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കോഡൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.131/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/02/2026
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഡൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.131/2026 തീയ്യതി: 09/02/2026

## മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2024 മുതൽ 04-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അശ്റഫ് പെരുമ്പള്ളി, കെഎഎസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2026 | 14-01-2026 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2026 | 14-01-2026 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അഷ്റഫ് കെ.പി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് സിയാദ് പി.പി ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. സക്കീന. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിം. എൻ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റാബിയ ചോലക്കൽ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. മധുസൂദനൻ. എം. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു. ബി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി. ഗാർഗി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ. അർഷദ്. എൻ. കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ആഷ്ലിൻ മൈക്കിൾ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. പ്രജീഷ്. വി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. നിത്യ. എൻ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. നഷീദ കരുവാട്ടിൽ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 10-01-2025 |
| ഡോ. ഷരീഫ. ടി.കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 11-01-2025 | 31-03-2025 |
| ശ്രീമതി. സ്മിത. റ്റി. എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെസ്റ്റ് കോഡൂർ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീ. ശിവദാസൻ. സി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഈസ്റ്റ് കോഡൂർ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീ. വിജയൻ വട്ടക്കണ്ടത്തിൽ | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഹസീന സുൽഫീക്കർ. എം. ടി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ. വൈശാഖ്. കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. അബ്ദുൾ ഷുക്കൂർ. എം. റ്റി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല- ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-1 |
| 3 | ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR, AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി (MGNREGS) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-11 |
| 16 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-12 |
| 17 | അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-13 |
| 18 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 1-14 |
| 19 | സി.എസ്.ആർ ഫണ്ട് വിനിയോഗവിവരം ലഭ്യമല്ല | 1-15 |
| 20 | ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 21 | തെരുവ് വിളക്കുകൾ: വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 22 | ജലജീവൻ മിഷൻ പദ്ധതിക്ക് ടാങ്ക്: പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ് | 1-18 |
| 23 | വാഹനങ്ങളുടെ വിവരം "VEELS"-ൽ ചേർത്ത് കാലികമാക്കേണ്ടതാണ് | 1-19 |
| 24 | മുൻകൂർ തുക നൽകിയെങ്കിലും മുഴുവൻ മരുന്നും ലഭ്യമായില്ല | 1-20 |
| 25 | KADCO മുഖേന ഫർണ്ണിച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-21 |
| 26 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-22 |
| 27 | സ്ഥിരനിക്ഷേപങ്ങളുടെ പലിശയിൽ നിന്നും ആദായ നികുതി റ്റി.ഡി.എസ് ചെയ്തത് - വിവരം ലഭ്യമാക്കേണ്ടതാണ് | 1-23 |
| 28 | ആർട്കോയിൽ നിന്നും ഉപകരണങ്ങൾ വാങ്ങൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-24 |
| 29 | കുടുംബശ്രീ വനിതാ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് മുടക്കം വരുത്തുന്നു | 1-25 |
| 30 | ഓഡിറ്റ് ഇംപാക്റ്റ് - പൊതു മരാമത്ത് പ്രവൃത്തികളിലെ അപാകത- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 16733 രൂപ തിരിച്ചടച്ചു | 1-26 |
| 31 | എം.സി.എഫ് സെന്ററിലേക്കുള്ള പുഴയോര സംരക്ഷണ ഭിത്തി നിർമ്മാണം – | 1-27 |

| | | |
|---|---|---|
| | ഫൗണ്ടേഷൻ കോൺക്രീറ്റിന് തെറ്റായ അളവ് രേഖപ്പെടുത്തിയതിലൂടെ 352972 രൂപ അധികം നൽകി | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എം.സി.എഫ് സെന്ററിലേക്കുള്ള പുഴയോര സംരക്ഷണ ഭിത്തി നിർമ്മാണം – ഫൗണ്ടേഷൻ കോൺക്രീറ്റിന് തെറ്റായ അളവ് രേഖപ്പെടുത്തിയതിലൂടെ 352972 രൂപ അധികം നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.06.2025 തീയതിയിലെ 1/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 24.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 09/02/2026

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല- ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ

സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

## 1-1-2 ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR, AFS എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

| ക്രമ നം | ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം(I6+B3(23-24)-(24-25)) | വ്യത്യാസം |
|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 22045814+Go Project(1647184)=3851765 | 21694935+(2364904-486641)=23573198 | 19721433 |
| 2 | Tied | 6050487 | 5312568+(4425020-4417689)=5319899 | 730588 |

ILGMS സോഫ്റ്റ്വെയറും സുലേഖ സോഫ്റ്റ്വെയറും തമ്മിലുള്ള തമ്മിലുള്ള സമന്വയവും GOപ്രോജക്ടുകൾ ശരിയായ രൂപത്തിൽ പ്രതിഫലിക്കാത്തതുമാണ് ക്രമ നം 1 വ്യത്യാസത്തിന് കാരണം എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.വെബ് സാംഖ്യയിൽ നിന്നും ലഭിക്കുന്ന ACR റിപ്പോർട്ടിൽ ബാങ്കിൽ നിന്നും ട്രഷറിയിൽ നിന്നുമുള്ള പദ്ധതി ചെലവുകൾ ഒരമിച്ചാണ് ലഭിക്കുക.ആയത് മൂലയാണ് ക്രമ നം 2 വ്യത്യാസത്തിന് കാരണമെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.ടി അപാകത സോഫ്റ്റ്വെയർ ഡെവലപ്പേഴ്സിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4- പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി4- ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| B4പ്രകാരം | B17 പ്രകാരം | വ്യത്യാസം |
|---|---|---|
| CFC(TIED+UNTIED) 2438908+8797735=11236643 | 12736698 | 1500055 |

## 1-1-4 വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ടുകൾ

ILGMSൽ ഉള്ളതും AFSൽ ഇല്ലാത്തതുമായ ബാങ്ക് അക്കൗണ്ടുകൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് |
|---|
| 40165101094334 KGB |
| 40165101098084 KGB |
| State Bank Of India 10427103576 |
| 40165101076620 KGB |
| 40165101088689 KGB |

ആയത് ക്ലോസ് ചെയ്തിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതും ആവശ്യമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ അക്കൗണ്ടുകൾ പ്രത്യേക ആവശ്യങ്ങൾക്കായി സർക്കാർ നിർദ്ദേശ പ്രകാരം തുടങ്ങിയിട്ടുള്ള സീറോ ബാലൻസ് അക്കൗണ്ടുകളാണെന്നും ആയത് ക്ലോസ് ചെയ്യുവാൻ സർക്കാർ നിർദ്ദേശം ലഭിക്കേണ്ടതുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് .ഉപയോഗിക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ഭാവിയിൽ സാമ്പത്തിക ക്രമക്കേടിന് സാധ്യതയുണ്ടാകുമെന്നതിനാൽ ആവശ്യമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ | 2024-25 ലെ ബജറ്റ് പുതുക്കിയ |
|---|---|

| തീരുമാനം നം./തിയ്യതി | തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/09.02.2024 | 3(1)/27.02.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 5,53,81,464 |
| വരവ് | 8,02,44,229 |
| ആകെ | 13,56,25,693 |
| ചെലവ് | 7,18,04,505 |
| നീക്കിയിരിപ്പ് | 6,38,21,188 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23129816 | 23129816 | 22045814 | 1084002 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 2447734 | 2447734 | 2177484 | 270250 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 6603000 | 6603000 | 5529254 | 1073746 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 8822000 | 8822000 | 8822000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 10633836 | 10633836 | 6050487 | 4583349 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 4174512 | 4174512 | 3699016 | 475496 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 308 | 164554381 | 201 | 102603982 | 107 | 62.35% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി (MGNREGS)

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവ് | 0 | 1115579 | 1115579 | 1115579 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 0 | 13973928 | 13973928 | 13973928 | 0 |
| **ആകെ** | **0** | **15089507** | **15089507** | **15089507** | **0** |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി | 1728400 | 101 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 18126200 | 1209 |
| വാർദ്ധക്യകാലപെൻഷൻ | 35479300 | 2445 |
| വികലാംഗപെൻഷൻ | 7627800 | 496 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60,000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 630000 | 40 |
| **ആകെ** | **63651700** | |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2025ന് 11:30 AM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 97/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.
2. സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2022 | 12/2022 | 19.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.08.2017 | 2012-13 മുതൽ 2016-17വരെ | 23.10.2017 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി കോഡൂർ ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച

പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നം.01/24-25/05.01.2026 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ

| വർഷം | സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | സ്കീം - 4 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | 0 | 293019 | 160000 | 453019 |
| 2022-23 | 27,75,000 | 1164000 | 473000 | 4412000 |
| 2023-24 | 0 | 0 | 0 | 0 |
| 2024-25 | 0 | 486000 | 75200 | 561200 |
| ആകെ | 27,75,000 | 1943019 | 708200 | 5426219 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |
| 2022-23 | 0 | 0 | 0 | 0 |
| 2023-24 | 0 | 282055 | 99854 | 381909 |
| 2024-25 | 0 | 350347 | 533146 | 883493 |
| ആകെ | 0 | 632402 | 633000 | 1265402 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|
| സ്കീം 1 | 2900597 |
| സ്കീം 3 | 1374849 |
| സ്കീം 4 | 779731 |
| ആകെ | 5055177 |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2023-24 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ(238/24) | 99854 |
| 2023-24 | പ്രാഥമിക കേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (239/24) | 282055 |
| 2024-25 | പ്രാഥമിക കേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (301/25) | 10964 |
| 2024-25 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ(302/25) | 60146 |

| | | |
|---|---|---|
| 2024-25 | പ്രാഥമിക കേന്ദ്രത്തിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (303/25) | 339383 |
| 2024-25 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ(304/25) | 473000 |

സ്ക്കീം 1 പ്രകാരം ലഭിച്ച 2775000/-രൂപ 2025-26 സാമ്പത്തിക വർഷം ആൽപറ്റക്കുളമ്പ് FWCക്ക് കെട്ടിട നിർമ്മാണം എന്ന പ്രോജക്ടിന് (348/25) വേണ്ടി വകയിരിത്തിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓടുകൂടി കുടിവെള്ള കണക്ഷൻ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ ഫണ്ട് ഉപയോഗിച്ചു കൊണ്ട് സംയുക്തമായി നടപ്പിലാക്കുന്നതാണ് ജൽജീവൻ മിഷൻ പദ്ധതി. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15% വും ഗുണഭോക്തൃ വിഹിതം 10% ആണെന്ന് നിശ്ചയിച്ചിട്ടുണ്ട്.

കോഡൂർ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച്, ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിന്റെയും ഓഡിറ്റ് എൻക്വയറിക്ക് (നം.02/24-25/05-01-2026) ലഭിച്ച മറുപടിയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരം താഴെ കൊടുക്കുന്നു.

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 15%, ഗ്രാമപഞ്ചായത്ത് നാളിതുവരെ കൈമാറിയിട്ടില്ല.

2) വാട്ടർ അതോറിറ്റിക്ക് 10% ഗുണഭോക്തൃ വിഹിതം കൈമാറിയിട്ടില്ല.
3) ഗുണഭോക്തൃ വിഹിതമിനത്തിൽ ഗ്രമപഞ്ചായത്ത് തുക പിരിച്ചെടുത്തിട്ടില്ല.

4) ജൽജീവൻ മിഷൻ പദ്ധതിക്കായി 2021-22 മുതൽ ജലജീവൻ മിഷൻ വിഹിതം അടവാക്കാനും ടാങ്ക് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങാനും തുക വകയിരുത്തിയിട്ടുണ്ട്.
5) വിവിധ വർഷങ്ങളിൽ തുക വകയിരുത്തിയിരുന്നെങ്കിലും തുക കൈമാറുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം ലഭിക്കാത്തതിനാൽ ഓരോ വർഷവും ഈ ആവശ്യത്തിലേക്ക് ഏറ്റെടുക്കുന്ന പ്രൊജക്റ്റുകൾ തൊട്ടടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്ത് വരുകയാണ്.

6) വിവിധ വർഷങ്ങളിൽ വെച്ച പ്രോജക്റ്റുകൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ | വർഷം | വകയിരുത്തിയത് | ചെലവ് |
|---|---|---|---|
| 186/22 | 2021-22 | 1500000 | 0 |
| 184/23 | 2022-23 | 1823029 | 0 |
| 214/24 | 2023-24 | 1823029 | 0 |
| 240/25 | 2024-25 | 2800000 | 0 |

7) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നാളിത് വരെ തുകയൊന്നും ലഭിച്ചിട്ടില്ല.

## 1-13 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023 ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 , ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള

വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ പ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്യുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഓഡിറ്റ് എൻക്വയറി 21/13.01.2026 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സർവ്വേ നടത്തുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയെ ഏൽപിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തി പോസ്റ്റ് ഓഡിറ്റ് നടപടികൾ പൂർത്തിയാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പിരിവ് അപാകതകൾ

1. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായികാണുന്നില്ല. വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | റിമാക്സ് |
|---|---|---|
| 1. | നെയ്യാർ ഫുഡ് പ്രൊഡക്റ്റ്സ് | കെട്ടിട നം.11/ 203,283E,AA,AB |
| 2. | ആഷിയാന എക്സ്ട്രൂഡർ പ്രൊഡക്റ്റ്സ് | കെട്ടിട നം. 7/ 697, 7/706 |
| 3. | പുഞ്ച ഫുഡ് ഇൻഡസ്ട്രീസ് | കെട്ടിട നം.11/ 283D |
| 4. | കോഡൂർ കോകനട്ട് കോംപ്ലക്സ് | കെട്ടിട നം. 3/ 503 |
| 5. | എ.എം മോട്ടോർസ് | ലൈസൻസ് രജിസ്റ്റർ പേജ് 75, ക്രമ നം. 437 |

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി ഈടാക്കിയതായി കാണാത്ത ബാങ്കിംഗ് സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

I. ഫെഡറൽ ബാങ്ക് , ചട്ടിപ്പറമ്പ്, കോഡൂർ (7/523W,X,Y,Z)

Ii. കോഡൂർ സർവ്വീസ് സഹകരണ ബാങ്ക്, ചട്ടിപ്പറമ്പ് ബ്രാഞ്ച്. (കുറിപ്പ്: കോഡൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ മെയിൻ ബ്രാഞ്ചിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ആയതിൽ ചട്ടിപ്പറമ്പ് ബ്രാഞ്ചിലെ ജീവനക്കാർ കൂടി ഉൾപ്പെട്ടിട്ടുണ്ടോ എന്ന് റിട്ടേൺസ് ഫോം പ്രകാരം വ്യക്തമല്ല.)

3. ഗ്രാമ പഞ്ചായത്തിലെ ചുവടെ കൊടുത്ത സ്ഥാപനത്തില ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷം ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റ പേര് | തൊഴിൽ നികുതി രജിസ്റ്റർ ക്രമ നം (2024-25 വർഷം) |
|---|---|---|
| 1. | മാവേലി സ്റ്റോർ | 14 |
| 2 | ഫ്രൈപാൻ കിച്ചൺ | 53 |
| 3 | MPM Aggricultures | 54 |
| 4 | ബി.എസ്.എൻ.എൽ | 55 |
| 5 | ക്രിസ്റ്റ ട്രഡേഴ്സ് | 56 |

മേൽ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇല്ലെങ്കിൽ മേൽ ജീവനക്കാരിൽ നിന്നും രണ്ടാം പാദവർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/24-25/ 13.01.2026 ന് മറുപടി ലഭ്യമാക്കി. ക്രമ നം 1ൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ എ.എം

മോട്ടോർസിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചു. ആയതിലെ ബാക്കി സ്ഥാപനങ്ങൾക്ക് ഓഡിറ്റ് എൻക്വയറിയെ തുടർന്ന്

തൊഴിൽ നികുതി അടവാക്കുന്നതിന് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട് എന്ന് അറിയിച്ചു. ടിസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

ക്രമ നം 2 പ്രകാരം കെട്ടിട നം 7/523 W,X,Y,Zൽ പ്രവർത്തിക്കുന്ന ഫെഡറൽ ബാങ്ക് 24.03.2025 നാണ് പ്രവർത്തനമാരംഭിച്ചത് എന്ന് അറിയിച്ചു. വരും വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. കോഡൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ മെയിൻ ബ്രാഞ്ചിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ ചട്ടിപ്പറമ്പ് ബ്രാഞ്ചിലെ ജീവനക്കാർ കൂടി ഉൾപ്പെട്ടിട്ടുണ്ട് എന്നും അറിയിച്ചു.

ക്രമ നമ്പർ 3ൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ ബി.എസ്.എൻ.എൽ, ക്രിസ്റ്റ ട്രേഡേഴ്സ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുമാണ് 2024-25 സാമ്പത്തിക വർഷം ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കാത്തത് എന്നും ടി സ്ഥാപനങ്ങൾക്ക് ആയത് സംബന്ധിച്ച് നോട്ടീസ് അയക്കുന്നതാണ് എന്നും അറിയിച്ചു. തൊഴിൽ നികുതി പിഴ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 സി.എസ്.ആർ ഫണ്ട് വിനിയോഗവിവരം ലഭ്യമല്ല

2013 ലെ കമ്പനീസ് ആക്ട് (അമെൻമെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന/ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

2024-25 ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ ഒരു ക്വാറി പ്രവർത്തിക്കുന്നുണ്ട്. ശ്രീ. മൊയ്തു . കല്ലിടുമ്പൻ എന്നവർക്ക് C3-1899/2023 Dt. 08.04.2024 ലൈസൻസ് പ്രകാരം 08.04.2024 മുതൽ 14. 05.2024 വരെയാണ് 2024-25 വർഷം ക്വാറി പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. C1-1540/2023-24/60 Dt. 17.04.2023 ലൈസൻസ് പ്രകാരം 11.04.2023 മുതൽ 31.03.2024 വരെ മുൻവർഷം ക്വാറി പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ടി സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ, രേഖപ്പെടുത്തി വെയ്ക്കുന്നതിനോ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-14/2024-25/13.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

GO(P)No. 25/2023/LSGD തിയ്യതി 05.04.2023 -ലെ ക്രമ നമ്പർ 6d പ്രകാരം ടർഫുകൾ/സ്വിമ്മിംഗ് പൂളുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യസ്വഭാവത്തോട് കൂടിയവ) എന്നിവക്ക് വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2023 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള, ഗ്രാമ പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപനം നമ്പർ സി.3-3869/2023, തിയതി: 21.09.2023 പ്രകാരം 30 രൂപ അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. കേരളോൽസവം ക്രിക്കറ്റ് ഫുട്ബോൾ മൽസരങ്ങൾ സംഘടിപ്പിച്ച AAXA Sports, Palakkal, Chemmankadav എന്ന ടർഫിൽ നിന്നും മേൽ ഉത്തരവ് പ്രകാരം വസ്തു നികുതി ചുമത്തിയതിന്റ രേഖകൾ ഹാജരാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മറ്റ് ടർഫുകളുടെ വിവരം വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാരോട് അവർക്ക് ചുമതലയുള്ള വാർഡുകളിൽ പ്രവർത്തിക്കുന്ന ടർഫുകളുടെ വിവരം ലഭ്യമാക്കി അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.20/13.01.2026) മറുപടി ലഭ്യമാക്കി. പഞ്ചായത്ത് പരിധിയിൽ 3 ടർഫുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും വസ്തു നികുതി ചുമത്തിയിട്ടില്ല എന്നും അറിയിച്ചു. ടർഫുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ടർഫ്/ ഉടമയുടെ പേര് | വാർഡ് നം |
|---|---|---|
| 1 | Goal Point<br>കൃഷ്ണ ദാസ്, S/O ബാലകൃഷ്ണൻ, ചക്കൻതൊടി വീട് കോഡൂർ | പഴയ വാർഡ് നം- 17<br>പുതിയ വാർഡ് നം- 18 |
| 2 | AAAXAAA<br>റബീയുള്ള, അല്ലക്കാട്ട് വീട്, താണിക്കൽ കോഡൂർ | പഴയ വാർഡ് നം- 8<br>പുതിയ വാർഡ് നം- 10 |
| 3 | Freny Arena<br>സാലിം തറയിൽ | പഴയ വാർഡ് നം- 8<br>പുതിയ വാർഡ് നം- 7 |

| | | |
|---|---|---|
| | S/O കുഞ്ഞിമുഹമ്മദ് , തറയിൽ വീട്<br>മുണ്ടക്കോട്, പഴമള്ളൂർ പി.ഒ 676506 | |

മേൽ ടർഫുകളിൽ നിന്നും പ്രവർത്തനകാലയളവ് മുതലുള്ള വസ്തു നികുതി ഈടാക്കി ഓഡിറ്റിന് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്കുകൾ: വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2024-25 വർഷത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തെരുവ് വിളക്കുകൾ വൈദ്യുതി ചാർജ് ഇനത്തിൽ തൻവർഷം 15,31,998 രൂപ കെ.എസ്.ഇ.ബിയിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം | തിയതി | തുക |
|---|---|---|
| 22400866 | 25/01/2025 | 417166 |
| 22400068 | 22/04/2024 | 403439 |
| 22400872 | 30/01/2025 | 304626 |
| 22400072 | 22/04/2024 | 270426 |
| 22400045 | 06/04/2024 | 36733 |
| 22400054 | 08/04/2024 | 24205 |
| 22400865 | 25/01/2025 | 19070 |
| 22400069 | 22/04/2024 | 18681 |
| 22400760 | 29/12/2024 | 17018 |
| 22400714 | 06/12/2024 | 7271 |
| 22400649 | 19/11/2024 | 6758 |
| 22400677 | 29/11/2024 | 3393 |
| 22400056 | 11/04/2024 | 1519 |
| 22400632 | 08/11/2024 | 1249 |
| 22400952 | 24/02/2025 | 444 |
| | **ആകെ** | **1531998** |

കെ.എസ്.ഇ.ബി യുടെ ഡിമാന്റ് പ്രകാരമുള്ള തുക നൽകുന്നതല്ലാതെ പഞ്ചായത്ത് പരിധിയിൽ എത്ര തെരുവ് വിളക്കുക്കൾ ഉണ്ടെന്ന വിവരമോ, തുക ഒടുക്കി വരുന്ന മുഴുവൻ വിളക്കുകളും പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പിക്കാവുന്ന രേഖകളോ റജിസ്റ്ററോ, മേൽ വിവരങ്ങൾ ILGMS/KSMART ൽ നിന്നും ലഭ്യമാണെങ്കിൽ അത്തരത്തിലുള്ള പത്രികയോ തെരുവു വിളക്കുകളുടെ കണക്ക് സംബന്ധിച്ച് പഞ്ചായത്തും വൈദ്യുത വകുപ്പും സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ടോ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ഇക്കാര്യമുന്നയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി: 22/13-01-2026 നു സംയുക്ത പരിശോധനക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അറിയിപ്പ് നല്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുരോഗതി നിരീക്ഷിക്കുന്നതാണ്.

## 1-18 ജലജീവൻ മിഷൻ പദ്ധതിക്ക് ടാങ്ക്: പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്

ജലജീവൻ മിഷൻ പദ്ധതിക്ക് ടാങ്ക് നിർമാണത്തിന് സ്ഥലം വാങ്ങുന്നതിനായി പ്രൊജക്റ്റ് നമ്പർ: 200/25 ന്റെ ഭാഗമായി ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും, വൗച്ചർ നം. 22400847/22/01/2025 പ്രകാരം 20 ലക്ഷം രൂപ ചെലവഴിച്ച് ശ്രീ.അഷ്റഫ് , തോണിക്കൽ , ആൽപ്പറ്റക്കുളമ്പ് എന്നയാളിൽ നിന്നും 105/3-1 സർവ്വേ നമ്പറിൽ 0.0404 Hectre സ്ഥലം വാങ്ങിയിട്ടുണ്ട്. ഈ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമാക്കിയ ഫയലുകളിൽ മേൽ സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറിയതായോ ടാങ്ക് നിർമാണം ആരംഭിച്ചതായോ ഉള്ള രേഖകൾ ലഭ്യമല്ല. വാട്ടർ അതോറിറ്റി അസി. എഞ്ചിനീയർ ലഭ്യമാക്കിയ KWA/PHS1/JJM2/KDO/DSB തി.02.06.2023 നം. കത്ത് പ്രകാരം താഴെ കാണുന്ന വസ്തുതകൾ ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

1. ജലജീവൻ മിഷൻ "പാക്കേജ്-2 ൽ പെട്ട വട്ടപ്പറമ്പ് ടാങ്ക്, കാളൻപറമ്പ് ടാങ്ക് എന്നിവയും അനുബന്ധ

ഘടകങ്ങൾ നിർമ്മിക്കലും എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട കിണറിന്റെ പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നു. കാളൻപറമ്പു ടാങ്കിന്റെ ഫൗണ്ടേഷൻ പ്രവർത്തികൾ നടന്നു വരുന്നുണ്ട്. വട്ടപ്പറമ്പ് ടാങ്കിനായുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തു കൈമാറേണ്ടതുണ്ട്.

2. മേൽ പ്രവൃത്തികൾ നടന്നു വരുന്നുണ്ടെങ്കിലും ജലജീവൻ മിഷൻ പദ്ധതികളിൽ കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുകയും പദ്ധതി പ്രവർത്തനങ്ങളിൽ നിർണായക പങ്കാളിത്തമുണ്ടായിരിക്കേണ്ടതുമായ സഹായക ഏജൻസികൾ (ISA) ഈ പഞ്ചായത്തിൽ നടത്തുന്ന പ്രവൃത്തികളിലോ അല്ലെങ്കിൽ പൊതുജനങ്ങളുമായിട്ടുള്ള ആശയവിനിമയ ഘട്ടങ്ങളിലോ ഉണ്ടാവേണ്ടതായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. കേരള ഗ്രാമ നിർമാണ സമിതി എന്ന സഹായക സംഘടന 2023 മാർച്ച് 31-നു ശേഷം കോഡൂർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തനങ്ങൾ ഒന്നും നടത്തുന്നില്ല.

3. കോഡൂർ ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ KWA ക്കു നിലവിൽ മൂന്നു ചെറുകിട കുടിവെള്ള പദ്ധതികളുണ്ട്. കൂടാതെ ഒതുക്കുങ്ങൽ-പൊന്മള കുടിവെള്ള പദ്ധതിയിൽ നിന്നും പഞ്ചായത്തിന്റെ ഗണ്യമായൊരു ഭാഗത്ത് കുടിവെള്ളമെത്തിക്കുന്നുമുണ്ട്. നിലവിലുള്ള പദ്ധതികളുടെ പൈപ്പുകൾ എത്രത്തോളം ഉപയുക്തമാക്കാൻ സാധിക്കുമെന്നതിനു പഞ്ചായത്ത് മെമ്പർമാരുടെ കൂടെ സഹകരണത്തോടെ വാർഡ് തലത്തിൽ സർവ്വേ നടത്തേണ്ടതുണ്ട്.

4. വാർഡ് തലത്തിലുള്ള വിവിധ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്ത് ജല ശുചിത്വ സമിതി (GPWSC) മുഖാന്തരം (KWA ഉദ്യോഗസ്ഥരുടെ സഹായത്തോടെയും) നിലവിലുള്ളതും ഉപയോഗ യോഗ്യമായതുമായ പൈപ്പുകളെക്കുറിച്ചും റോഡ് റെസ്റ്റോറേഷനെ സംബന്ധിച്ചും നിർവഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്കു വേണ്ട നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ, പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരങ്ങളാരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി: നം. 08/09-01-2026-ന് യഥാക്രമം താഴെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. കിണറിന്റെ വർക്കും കാലം പറമ്പ് വാട്ടർ ടാങ്കിന്റെ വർക്കും പണി പൂർത്തീകരിച്ചിട്ടുണ്ട്. വട്ടപ്പറമ്പ് ടാങ്കിനുള്ള സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ടാങ്കിന്റെ ഡിസൈനിങ് പൂർത്തീകരിച്ച് ഉടനെ പ്രവർത്തി തുടങ്ങുന്നതാണ്.
2. ISA യുടെ പ്രവർത്തനം NGO ക്ക് ഫണ്ട് ലഭ്യമാകാത്തതിനാൽ പ്രവർത്തി നിർത്തി പോകുകയാണ് ഉണ്ടായത്.
3. മെമ്പർമാരുടെ സഹകരണത്തോടെ സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
4. ഭരണ സമിതി തീരുമാനം പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.
ഇക്കാര്യത്തിൽ യുക്തമായ തുടർ നടപടികൾ സ്വീകരിച്ച് ചെലവു തുക പദ്ധതി ലക്ഷ്യ പൂർത്തീകരണത്തിനു വിനിയോഗിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 വാഹനങ്ങളുടെ വിവരം "VEELS"-ൽ ചേർത്ത് കാലികമാക്കേണ്ടതാണ്

ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സലർക്കുലറിന്റെയും തുർച്ചയായി, ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സെറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. നിലവിൽ പഞ്ചായത്തിനു കീഴിൽ താഴെ കാണുന്ന വഹനങ്ങൾ നിലവിലുള്ളതായി ഓഡിറ്റിനു ബോധ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | വാഹനം/റജി. നം | നിലവിലെ അവസ്ഥ |
|---|---|---|
| 1 | KL 10 AB 6002/ LMV-MOTOR CAR MAHINDRA | പഴയത് |

| | | |
|---|---|---|
| | BOLERO-2008 | |
| 2 | KL 10 BJ 0905<br>MAHINDRA BOLERO-05/2023 | പഞ്ചായത്ത് ഉപയോഗത്തിലുള്ളത് |
| 3 | KL 10 AU 6976<br>MARUTI OMNI-09/2015 | പരിരക്ഷ ഉപയോഗത്തിലുള്ളത് |
| 4 | KL 10 AM-3577<br>TATA 410 STAR BUS-08/2012 | BUDS ഉപയോഗത്തിലുള്ളത് |
| 5 | KL 10 BJ 8237<br>ASHOK LEYLAND DOST-02/2024 | ഹരിത കർമ സേന ഉപയോഗത്തിലുള്ളത് |
| 6 | KL 10 AL 6302<br>MARUTI OMINI & 8 Seater-06/2012 | പരിരക്ഷ ഉപയോഗത്തിലുള്ളത് |

മേൽ സൂചിത നിർദേശങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിലേയും, ഗ്രാമ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേയും നിലവിലുള്ള മുഴുവൻ വാഹനങ്ങൾ, ഡ്രൈവർമാർ, ഓരോ മാസവും ഉണ്ടായിട്ടുള്ള ചെലവുകൾ തുടങ്ങിയവ സംബന്ധിച്ച പ്രസക്ത വിവരങ്ങൾ "VEELS" വെബ്സൈറ്റിൽ ചേർത്ത് കാലികമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ക്രമ നം. 1 പ്രകാരമുള്ള പഴയ വാഹനത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 9/Dated : 13-01-2026 ന് മറുപടി ലഭ്യമായിട്ടില്ല.

## 1-20 മുൻകൂർ തുക നൽകിയെങ്കിലും മുഴുവൻ മരുന്നും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി) നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടു് നമ്പർ | ബിൽ നമ്പർ/ വൗച്ചർ നം. / തിയ്യതി | പ്രൊഫോമ ഇൻവോയ്സ് നമ്പർ/തിയ്യതി | ലഭ്യമായ മരുന്നുകൾ,ഇൻവോയ്സ് നം/ തുക | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ,/തുക |
|---|---|---|---|---|
| 12/25, എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 24151152027300446800 /23-07-24<br>617576/-രൂപ | PRF108/08-05-24<br>617576/- | 49044/20-09-24-58843<br>51105/16-10-24-4691<br>51522/21-10-24-1888/-<br>51904/24-10-24-7504/-<br>51895/24-10-24-4032/-<br>52179/29-10-24-547/-<br>53062/18-19-24-18704/-<br>53014/16-11-24-22210/-<br>53766/21-11-24-15743/-<br>53662/21-11-24-3517/-<br>54136/26-11-24-7392/- | **228682** |

| | | | | |
|---|---|---|---|---|
| | | | 54718/3-12-24-11049/-<br>55166/12-09-24-672/-<br>55612/6-12-24-2408/-<br>55905/27-12-24-3606/-<br>56136/1-6-25-5152/-<br>56364/1-7-25-10024/-<br>56691/1-08-25-20558/-<br>56891/1-09-25-1982/-<br>57069/1-10-25-8203/-<br>57214/14-01-25-38072/-<br>57493/20-01-25-4115/-<br>57708/22-01-25-12471/-<br>57941/25-01-25-11872/-<br>58749/15-02-25-8116/-<br>58794/20-02-25-6878/-<br>59469/26-02-25-13301/-<br>59839/3-1-25-14140/-<br>60705/3-7-25-4687/-<br>69/4-03-25-739/-<br>61302/24-3-25-448/-<br>1178/24-04-25-3124/-<br>1376/26-04-25-6048/-<br>2280/5-5-25-3569/-<br>2162/5-2-25-7056/-<br>2120/5-2-25-2240/-<br>2932/14-5-24-2972/-<br>10219/23-09-25-882/-<br>9979/19-9-25-8646/-<br>9924/19-09-25-9014/-<br>8392/18-08-25-1792/-<br>10875/28-10-25-771/-<br>10894/ 29-10-25<br>385/-<br>10888/29-10-25-708/-<br>11070/29-10-25-11613/-<br>12442/17-11-25-3885/-<br>12113/14-11-25-2625/-<br>ആകെ=388894/- | |
| | 24151152027301056379 /18-12-25<br>561934/-രൂപ | PRF2381/07-12-24-<br>561934/- | 9/4-05-25-8646<br>254/26-04-25-12599<br>704/27-05-25-108543<br>951/16-06-25-49627<br>2005/25-09-2025-133270/-<br>2120/7-10-25-11378/-<br>TOTAL=324063 | **237871** |
| 10/25 പാലിയേറ്റീവ് പരിപാടി | 24151152027300446833/ 13-07-24<br>37134/-രൂപ | PRF 279/11-06-24<br>37134/- | 48824/19-09-2024- 113<br>49397/24-09-24-2444<br>52728/11-12-24-4812<br>51058/16-10-14-857<br>53423/20-11-24-4672<br>54364/12-2-24-1079<br>57117/10-01-25-210<br>59025/21-02-25-37 | 8000 |

| | | | | |
|---|---|---|---|---|
| | | | 59473/26-02-25-2825<br>1572/28-04-25-3711<br>2417/5-06-25-874/-<br>5319/20-06-25-4484/-<br>10427/24-09-25-95<br>10888/29-10-25-708/-<br>12528/17-11-25-635/-<br>13505/16-12-25-150<br>13417/12-11-2025<br>1428<br>ആകെ-29134 | |
| | 24151152027301021086/12-12-24<br>215976/- | PRF2314/05-12-24<br>215976/- | 10/4-5-25-18291/-<br>702/27-05-25<br>39886/-<br>1237/7-08-25-<br>32359/-<br>1965/24-02-25<br>115794/-<br>ആകെ=206330/- | 9646/- |
| | **ആകെ** | | | **484199/-** |

മരുന്ന് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 18/ 24-25തീ: 13-01-2026)മറുപടി ലഭ്യമായില്ല. മേൽ പറഞ്ഞ പ്രകാരം ഇനിയും ലഭിക്കാനുള്ള 484199 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-21 KADCO മുഖേന ഫർണ്ണിച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

2024-25 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പി.എച്ച്.സിക്ക് ഫർണിച്ചർ വാങ്ങൽ (14/25) എന്ന പ്രൊജക്റ്റ് മുഖേന കാഡ്കോയിൽ നിന്ന് വാങ്ങിയ ഉപകരണങ്ങൾ ( Invoice No. NRO24-25/331/20.01.25) ചുവടെ ചേർക്കുന്നു. (ബിൽ നമ്പർ-24151152027301300904/10.02.25-199093/-രൂപ)

| ക്രമ നമ്പർ | ഇനം | എണ്ണം | വില (Without Gst) |
|---|---|---|---|
| 1 | Executive Table (150*90*75cm)With Drawers And Cupboards Keyboard Tray And Cpu Provision Prelaminated MDF | 1 | 12446 |
| 2 | Executive Table (120*90*75cm)With Drawers And Cupboards Keyboard Tray And Cpu Provision Prelaminated MDF | 4 | 8298 |
| 3 | High Back Revolving Chair | 1 | 7646 |
| 4 | Medium Back Revolving Chair | 5 | 5050 |
| 5 | Steel Visitors Chair | 1 | 5185 |
| 6 | Hard Wood Step Stool | 1 | 3388 |
| 7 | Steel Cabinet With 4 Fixed Shelves | 2 | 9391 |
| 8 | Steel Cabinet With 3 Fixed Shelves | 1 | 8465 |
| 9 | Steel Visitors Chair | 5 | 3007 |
| 10 | Bar Chair | 1 | 4234 |
| 11 | Wooden Dias Table<br>240*75*75cm | 1 | 35100 |

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ജി.ഒ (ആർ ടി) 141/2023/SPD തിയതി 8.12.2023, പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് കാഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയുടെ വില വിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവുകളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഉൽപന്നങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ പ്രകാരം മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന് ഈ ഉത്തരവിന്റെ ഖ-5 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പട്ടികയിൽ ചേർത്തിട്ടുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഉത്തരവ് പ്രകാരം അനുമതി നൽകിയതായി കാണുന്നില്ല. മേൽ സാധനങ്ങൾ കാഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ള

ഉത്തരവ് ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/24-25/12.01.26) മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 199093/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ട് മുഖേന താഴെ പറയും പ്രകാരം ₹ 9,50,000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|---|
| എസ്.എസ്.കെ വിഹിതം അടവാക്കൽ( 182/25) | 9,50,000 | 9,50,000 | 241511520330011379221/06.01.25 (വികസന ഫണ്ട് ജനറൽ) |
| ആകെ | | 9,50,000 | |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

അത് പോലെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്രശിക്ഷാ കേരള കൃത്യമായി നല്കണം.

മേൽ പ്രൊജക്ടിന്റെ നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1.പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

2.പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

3.ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

4.വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5.പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/12.01.2026) മറുപടി ലഭ്യമാക്കിയില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 സ്ഥിരനിക്ഷേപങ്ങളുടെ പലിശയിൽ നിന്നും ആദായ നികുതി റ്റി.ഡി.എസ് ചെയ്തത് - വിവരം ലഭ്യമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ പേരിലുള്ള സ്ഥിര നിക്ഷേപങ്ങളുടെ രസീത്, അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശയിൽ നിന്നും ബാങ്ക് താഴെ പറയും പ്രകാരം ആദായ നികുതി റ്റി.ഡി.എസ് ആയി കുറവ് ചെയ്തതായി വ്യക്തമായി.

| നിക്ഷേപത്തിന്റെ ബാങ്ക് വിവരം | ആദായ നികുതി റ്റി.ഡി.എസ് ചെയ്തതിന്റെ വിവരം | |
|---|---|---|
| | തുക (₹) | തീയ്യതി |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മലപ്പുറം | 10218 | 25-07-2024 |

(A/C 4145471403)

ആദായ നികുതി ആക്ട് 1961 , സെക്ഷൻ 196 പ്രകാരം, സർക്കാരിന്റെ ഉടമസ്ഥതയിലുള്ള നിക്ഷേപങ്ങളുടെ പലിശയായി നൽകുന്ന തുകകളിൽ നിന്നും ആദായ നികുതി കുറവ് ചെയ്യേണ്ടതില്ല. ആദായ നികുതി റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടുള്ള തുക പഞ്ചായത്തിന് ലഭ്യമാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഇത് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും 2024-25ലും ആദായ നികുതി റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടുണ്ട്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(06/09.01.2026) മറുപടി ലഭ്യമാക്കിയില്ല. ആദായ നികുതി റ്റി.ഡി.എസ് ആയി നാളിതുവരെ കുറവ് ചെയ്തിട്ടുള്ള തുക പഞ്ചായത്തിന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 ആർട്കോയിൽ നിന്നും ഉപകരണങ്ങൾ വാങ്ങൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല

പ്രോജക്ട് നമ്പർ / പേര് : 347/25 (SC വിദ്യാർത്ഥികൾക്ക് മേശയും കസേരയും)

| | |
|---|---|
| അടങ്കൽ / ഫണ്ട് | 300000/-, |
| ചെലവ് തുക | 180000/- |
| ഫണ്ട് | വികസനഫണ്ട് TSP |
| ബി.ആർ നമ്പർ / തീയതി/ തുക | 24151152030601605210/ 20.03.2025, 180000 രൂപ |

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റിന്റെ ഭാഗമായി ആർട്ട്കോയിൽ നിന്നും ഇൻവോയ്സ് നമ്പർ 2024-25MPM521/ 19.03.2025 പ്രകാരം ചുവടെ ചേർത്ത ഇനങ്ങൾ വാങ്ങിയതിന് ആർട്ട്കോ, മലപ്പുറം ബ്രാഞ്ചിന് 1,80,000രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | വില (Without Gst) |
|---|---|---|---|---|
| 1 | Steel Cushion Chair / Steel Chair With Rubwood Top | 36 | 902 | 32472 |
| 2 | Study Table Made For Particle Board Of Dimension 36x18x30 | 36 | 3336 | 120096 |
| ആകെ | | | | 152568 |
| ആകെ (18% GST ഉൾപ്പെടെ) | | | | 180030.24 |
| കിഴിവിന് ശേഷമുള്ള തുക | | | | 180000 |

മേൽ സാധനങ്ങൾ ARTCOയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടതായി കാണുന്നില്ല. സ്റ്റോർ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ജി ഒ (ആർ ടി) 30/2024/SPD , തിയതി 07.03.2024, പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് ARTCOയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയുടെ വില വിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവുകളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഉൽപന്നങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർചേസ് മാനുവൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ സ്വീകരിച്ച് മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാധനങ്ങൾ ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ള ഉത്തരവ് ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/2024-25, തീയതി : 13.1.2026 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. മേൽ സാധനങ്ങൾ ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ള ഉത്തരവ് ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 180000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 കുടുംബശ്രീ വനിതാ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - തിരിച്ചടവ് മുടക്കം വരുത്തുന്നു

റിവോൾവിംഗ് ഫണ്ട് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമ പഞ്ചായത്തിലെ 4 കുടുംബശ്രീ വനിതാ സംരംഭങ്ങൾക്ക് 2023-24 സാമ്പത്തിക വർഷത്തിൽ (പ്രോജക്ട് നമ്പർ 27/24 , കുടുംബശ്രീ വനിതാ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്) 50000 രൂപ വീതം ആകെ 200000 രൂപ, ബി.ആർ.എൻ 23151152030601545576/25.03.2024 പ്രകാരം നൽകിയതായി കണ്ടു. കരാർ പ്രകാരം സംരംഭകർ ലോൺ തുക കൈപ്പറ്റി 3 മാസത്തിന് ശേഷം റിവോൾവിംഗ് ഫണ്ട് റീകൂപ്പ്മെന്റ് അക്കൗണ്ടായ കേരള ഗ്രാമീൺ ബാങ്ക് കോഡൂർ അക്കൗണ്ട് നമ്പർ 40165101094352 ലേക്ക് 1250 രൂപ പ്രതിമാസ നിരക്കിൽ, 40 തവണകളായി തിരിച്ചടവാക്കേണ്ടതാണ്. എന്നാൽ തുക കൈപ്പറ്റിയ കുടുംബശ്രീ ഗ്രൂപ്പ് സംരംഭങ്ങൾ യഥാസമയം ലോൺ തുക തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റ വിവരം | 19.07.2024 മുതൽ 19.12.2025 വരെ തിരിച്ചടക്കേണ്ടതുക (18മാസം X 1250) | തിരിച്ചടവ് വിവരം | തിരിച്ചടവിലുള്ള കുറവ് | റിവോൾവിംഗ് ഫണ്ടിലേക്ക് തിരിച്ചടക്കാനുള്ള ബാക്കി |
|---|---|---|---|---|---|
| 1 | സബസ്റ്റോർ ഗ്രൂപ്പ് ലീഡർ: ആസിദ K | 22500 | 25.9.2024 ന് 2000 രൂപ | 20500 | 48000 |
| 2 | രുചി മസാലപ്പൊടി ഗ്രൂപ്പ് ലീഡർ: സഫിയ | 22500 | 1) 05.7.2024 ന് 1500 രൂപ<br>2) 6.08.2024 ന് 1500 രൂപ<br>3) 19.09.2024 ന് 1500 രൂപ<br>4) 19.10.2024 ന് 1500 രൂപ<br>5) 19.11.2024 ന് 1500 രൂപ<br>ആകെ : 7500 | 15000 | 42500 |
| 3 | ഉത്രം അച്ചാർ യൂണിറ്റ് ഗ്രൂപ്പ് ലീഡർ: ദിവ്യ | 22500 | 1) 29.10.2024 ന് 2100 രൂപ<br>2) 5.11.2024 ന് 1600 രൂപ<br>3) 01.01.2024 ന് 2300 രൂപ<br>4) 30.01.2025 ന് 2000 രൂപ<br>5) 20.03.2024 ന് 1100 രൂപ<br>6) 12.05.2025 ന് 1100 രൂപ<br>7).03.072025ന് 3000 രൂപ<br>ആകെ : 13200 | 9300 | 36800 |
| 4 | ഹോം മേറ്റ് (ഗാർലിക് പീലിംഗ്) ഗ്രൂപ്പ് ലീഡർ: സക്കീന MP | 22500 | 1)26.06.2024ന് 2000 രൂപ<br>2) 2.08.2024ന് 2000 രൂപ<br>3) 20.08.2024ന് 2000 രൂപ<br>4) 22. 02.2025 ന് 5000 രൂപ<br>5)18.12.2025 ന് 15000 രൂപ | ഇല്ല | 24000 |

ക്രമ നം 1 ആകെ ഒരു തവണ മാത്രമാണ് തിരിച്ചടവാക്കിയത്. ക്രമ നം 2 മുതൽ ക്രമ നം 3 തൊഴിൽ സംരംഭങ്ങൾ തിരിച്ചടവ് മുടക്കം വരുത്തുന്നു. തിരിച്ചടവ് മുടക്കം വരുത്തുന്നവർക്ക് പിഴപലിശ ഈടാക്കുന്നില്ല. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/2024-25, തീയതി : 14.1.2026 ന് മറുപടിയായി മേൽ സംരംഭകർക്ക് തിരിച്ചടവ് മുടക്കം

വരുത്തിയ തുക തിരിച്ചടവാക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്നും തിരിച്ചടവ് കാലികമാക്കുമെന്നും മറുപടി ലഭ്യമാക്കി.

റിവോൾവിംഗ് ഫണ്ട് സ്വീകരിച്ച സംരംഭകർ തൊഴിൽ സംരംഭം പ്രവർത്തിപ്പിക്കാതിരിക്കുന്നതോ കരാർ വ്യവസ്ഥകളുടെ ലംഘനമോ ശ്രദ്ധയിൽ പെട്ടാൽ അനുവദിച്ച തുക പിഴ പലിശ സഹിതം തിരിച്ച് പിടിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഓഡിറ്റ് ഇംപാക്റ്റ് - പൊതു മരാമത്ത് പ്രവൃത്തികളിലെ അപാകത- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 16733 രൂപ തിരിച്ചടച്ചു

കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 ഓഡിറ്റിന്റെ ഭാഗമായി അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 16733 രൂപ തിരികെ അടവാക്കുകയുണ്ടായി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അപാകത | ഓഡിറ്റ് എൻക്വയറി നമ്പർ/ തീയതി | തുക തിരിച്ചടവാക്കിയ വിവരം |
|---|---|---|---|---|
| 1 | പരുവമണ്ണ പള്ളി പാത്ത് വേ പുനരുദ്ധാരണം (214/25) | ഫോം വർക്ക് ഇല്ലാത്ത റോഡ് കോൺക്രീറ്റിന് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ റോഡ് കോൺക്രീറ്റിന്റെ കോഡിന് പകരം ബെൽറ്റ് കോൺക്രീറ്റിനുള്ള കോഡ് എടുത്തതിലൂടെ അധിക നിരക്ക് നൽകി | 4/24-25/ 06-01-2026 | R-G 100605-25011208/13-01-2026<br>തുക : 4286 രൂപ |
| 2 | പൂക്കോട്ട്ചോല കനാൽ ഡ്രൈനേജ് (216/25) | ഡ്രൈനേജിന്റെ വിയറിംഗ് കോട്ടിന്റെ അളവ് രേഖപ്പെടുത്തിയപ്പോൾ ഒരു വശത്തെ സൈഡ് വാൾ മാത്രം കുറച്ചതിലൂടെ അധിക അളവ് രേഖപ്പെടുത്തി തുക നൽകി | 5/24-25/ 08-01-2026 | R-G 100605-25011207/13-01-2026<br>തുക : 5572 രൂപ |
| 3 | **ആൽപ്പറ്റക്കുളമ്പ് പള്ളിപ്പടി തൃഷ്ണാംകുന്ന് റോഡ് കോൺക്രീറ്റ് (54/25)** | പ്രവൃത്തി മൂല്യ നിർണ്ണയത്തിൽ പരിമിതപ്പെടുത്താതെ കരാറുകാരന് തുക നൽകി | 7/24-25/ 09-01-2026 | R-G 100605-25011092/13-01-2026<br>തുക : 6875 രൂപ |
| | | | | **16733 രൂപ** |

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 എം.സി.എഫ് സെന്ററിലേക്കുള്ള പുഴയോര സംരക്ഷണ ഭിത്തി നിർമ്മാണം – ഫൗണ്ടേഷൻ കോൺക്രീറ്റിന് തെറ്റായ അളവ് രേഖപ്പെടുത്തിയതിലൂടെ 352972 രൂപ അധികം നൽകി

എം.സി.എഫ് സെന്ററിലേക്കുള്ള പുഴയോര സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് അധിക അളവ് രേഖപ്പെടുത്തിയതിലൂടെ **352972 രൂപ**യുടെ നഷ്ടമുണ്ടായി.

നഗര സഞ്ചയ ഫണ്ടിൽ നിന്നും 1,50,00,000 രൂപ വകയിരുത്തി 2022-23 വർഷത്തിൽ സ്പിൽ ഓവറായി തയ്യാറാക്കിയ ഈ പ്രോജക്റ്റ്(255/22) നിർവ്വഹിക്കുന്നതിനായി, ഭരണസമിതിയുടെ 16-07-2022 ലെ 7(1) നമ്പർ തീരുമാന പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും PMC യായി ടെണ്ടർ ക്ഷണിക്കുന്നതിന് അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും, അതിനെ തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഏറ്റവും കുറഞ്ഞ സെന്റേജ് ചാർജ്ജ് ക്വാട്ട് ചെയ്ത ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ ) ലിമിറ്റഡ്, ആലുവ എന്ന അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുകയും ചെയ്തു ( ഭരണസമിതിയുടെ 31-08-2022 ലെ 1(1) നമ്പർ തീരുമാനം).

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഫൗണ്ടേഷൻ ചെയ്യുന്നതിന് 1.4 മീറ്റർ ആഴത്തിലും 6.7 മീറ്റർ വീതിയിലും മണ്ണ് നീക്കം ചെയ്ത് റിംഗ് ബണ്ടിനോടൊപ്പം മുകളിൽ നിന്ന് മണ്ണ് ഇടിഞ്ഞ് വീഴാതിരിക്കാൻ Trench ന് ചുറ്റും 1.5 മീറ്റർ താഴ്ചയിൽ Open Timbering In Trenches Including Strutting And Shoring Complete എന്ന ഇനവും (DSR Code 2.20.1) കൂടാതെ 1.4 മീറ്റർ താഴ്ചയിൽ Open Timbering In Trenches Including Strutting And Shoring Complete എന്ന ഇനവും (DSR Code 2.20.2)ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് മണ്ണെടുത്ത ഭാഗത്ത് 0.30 മീറ്റർ കനത്തിൽ ക്വാറി മക്ക് നിറച്ച് 0.20 മീറ്റർ കനത്തിൽ 1.4.8 ബെഡ് കോൺക്രീറ്റ് ചെയ്ത് അവശേഷിക്കുന്ന 0.90 മീറ്റർ താഴ്ചയിൽ സെന്ററിംഗ് & ഷട്ടറിംഗ് ചെയ്ത് അതിൽ റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് (1:2:4)ചെയ്യാനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.( സൈഡ് വാളിന്റെ നീളം 45.3 മീറ്ററും സൈഡ് വിംഗുകളുടെ നീളം യഥാക്രമം, 8.15 മീറ്റർ( Up Stream Side), 1.5 മീറ്റർ ( Down Stream Side)എന്നിങ്ങനെയും സെന്റർ വിങ്ങിന്റെ നീളം 1.4 മീറ്ററുമാണ്.)

പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ 1.4 മീറ്റർ ആഴത്തിൽ മണ്ണെടുത്ത്, 0.30 മീറ്റർ കനത്തിൽ ക്വാറി മക്ക് നിറച്ച്, 0.20 മീറ്റർ കനത്തിൽ ബെഡ് കോൺക്രീറ്റ് (1.4.8) ചെയ്തതിന് ശേഷം അവശേഷിക്കുന്ന 0.90 മീറ്റർ താഴ്ചയിൽ സെന്ററിംഗ് & ഷട്ടറിംഗ് ചെയ്തതായി കണ്ടു. എന്നാൽ 0.90 മീറ്റർ താഴ്ചയിലാണ് സെന്ററിംഗ് ചെയ്തിട്ടുള്ളതെങ്കിലും റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിന്റെ (1:2:4) അളവ് രേഖപ്പെടുത്തിയപ്പോൾ 0.90 മീറ്റർ ഉയരം രേഖപ്പെടുത്തേണ്ടതിന് പകരം 1 മീറ്റർ ഉയരം എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതൊരിക്കലും ചെയ്യാൻ പറ്റുന്നതല്ല. കാരണം, 0.90 മീറ്റർ ഉയരത്തിൽ ചെയ്ത സെന്ററിംഗിനുള്ളിൽ 0.90 മീറ്റർ ഉയരത്തിൽ മാത്രമേ കോൺക്രീറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. എസ്റ്റിമേറ്റിലും അത്ര ഉയരമേ കാണിക്കുന്നുള്ളൂ. തുടർന്ന് ഫൗണ്ടേഷന് മുകളിൽ 44.4 മീറ്റർ നീളത്തിലും 7.35 മീറ്റർ ഉയരത്തിലും 0.75 മീറ്റർ വീതിയിലും സൈഡ് വാളിന് സെന്ററിംഗ് ചെയ്ത് അതിനുള്ളിൽ റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ചെയ്തിരിക്കുകയാണ്. അധിക അളവ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ചെയ്ത ഭാഗം | എം.ബുക്കിൽ രേഖപ്പെടുത്തിയ സെന്ററിംഗ് & ഷട്ടറിംഗിന്റെ അളവ് (M2) | എം.ബുക്കിൽ രേഖപ്പെടുത്തിയ കോൺക്രീറ്റിംഗിന്റെ അളവ് (M3) | യഥാർത്ഥത്തിൽ രേഖപ്പെടുത്തേണ്ട കോൺക്രീറ്റിംഗിന്റെ അളവ് (M3) |
|---|---|---|---|
| Foundation Out Side | 1x45.3x0.9 = 40.77 | 1x45.3x6.7x1=303.51 | 1x45.3x6.7x.9 =273.159 |
| Wing Centre | 2x1.4ox0.9 = 2.52 | 1x1.4x6.5x1 = 9.10 | 1x1.4x6.5x.9= 8.19 |
| Wing Side | 2x1.5x0.9 = 2.70 | 1x1.5x4.85x1 = 7.28 | 1x1.5x4.85x.9 = 6.5475 |
| U/S Side & D/S Side (Including Wing) | 2x8.15x0.9 = 14.68 | 1x1.5x4.85x1 = 7.27 | 1x1.5x4.85x.9 = 6.5475 |
| **Total** | | **327.16m$^3$** | **294.44m$^3$** |

റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിന്റെ അളവ് തെറ്റായി രേഖപ്പെടുത്തിയതിലൂടെ **352972 രൂപ**യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി | ഇനം/ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (18% GST ഉൾപ്പെടെ) |
|---|---|---|---|---|
| എം.സി.എഫ് സെന്ററിലേക്കുള്ള പുഴയോര സംരക്ഷണ | ഫൗണ്ടേഷൻ കോൺക്രീറ്റ് 327.16m$^3$ | 2990926 @9142.09/ **M$^3$ (Estimate** | 2691797 (9142.09 X 294.44) | **352972** (299129+ 53843 ) |

| | | | | |
|---|---|---|---|---|
| ഭിത്തി നിർമ്മാണം<br>(197/25)<br>സാങ്കേതികാനുമതി - FIT/TS-40/2022-23 Dt: 20-03-2023, തുക: 1,50,00,000<br>കരാർ - 69/22-23/30-03-2023<br>ഫണ്ട് - നഗരസഞ്ചയം<br>കോൺട്രാക്ടർ. ശ്രീ.മുനീർ.പി.പി<br>അക്രഡിറ്റഡ് ഏജൻസി - ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്)<br>അളവ് പുസ്തകം - 67/23-24<br>കോസ്റ്റ് ഇൻഡക്സ് - 36.44%<br>P.A No. C082408065986<br>07-08-2024 തുക :1,40,82,360<br>( അക്രഡിറ്റഡ് ഏജൻസിക്കുള്ള സെന്റേജ് ചാർജ്ജ് 915353 രൂപ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ചെലവായി കാണിച്ചിട്ടുണ്ടെങ്കിലും PFMS ചെലവായി വന്നിട്ടില്ലെന്നാണ് മലപ്പുറം നഗരസഭയിൽ നിന്ന് അറിയിച്ചത്) | യഥാർത്ഥ അളവ് - $294.44m^3$ | **Rate)** | | |

അപാകതക്ക് വിശദീകരണം നൽകാനും അധികമായി നൽകിയ തുക തിരികെ ഈടാക്കാനും ആവശ്യപ്പെട്ട് 14-01-2026 ന് നൽകിയ 25 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 23-01-2026 ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടിയിൽ .90 മീറ്റർ ഉയരത്തിൽ സെന്ററിംഗ് നടത്തി കോൺക്രീറ്റ് ചെയ്ത് പൂർത്തിയാക്കിയതിന് ശേഷം ഫൗണ്ടേഷനോട് ചേർന്ന് 8 മീറ്ററോളം ഉയരത്തിലുള്ള മണ്ണ് കോൺക്രീറ്റിന് മുകളിലേക്ക് വീഴുകയുണ്ടായെന്നും ടി മണ്ണ് നീക്കം ചെയ്ത് നിലവിലുള്ള കോൺക്രീറ്റിന്റെ മുകൾഭാഗം ലെവൽ ചെയ്യുന്നതിന് വേണ്ടി 0.10 മീറ്ററിൽ കൂടി കോൺക്രീറ്റ് ചെയ്തതാണെന്നും പ്രസ്തുത കോൺക്രീറ്റിന്റെ സെന്ററിംഗ് അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഈ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ അംഗീകരിക്കുന്നില്ല.

1- ഏതൊരു പൊതുമരാമത്ത് പ്രവൃത്തിയുടെയും അടിസ്ഥാന രേഖയാണ് എം.ബുക്ക്. ഓരോ ഘട്ടത്തിലെയും ചെയ്ത പ്രവൃത്തികൾ യഥാസമയം എം.ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. സെന്ററിംഗ് അധികം ചെയ്തത് രേഖപ്പെടുത്താതെ കോൺക്രീറ്റ് ചെയ്തെന്ന് രേഖപ്പെടുത്തിയത് അംഗീകരിക്കാവുന്നതല്ല. എസ്റ്റിമേറ്റിൽ പറയാത്ത ഒരു കാര്യമാണ് ഇപ്രകാരം ചെയ്തെന്ന് അവകാശപ്പെടുന്നത്.

2- മുകളിൽ നിന്നും മണ്ണ് ഇടിഞ്ഞു വീണത് നീക്കം ചെയ്ത് കോൺക്രീറ്റ് ലെവൽ ചെയ്യേണ്ട യാതൊരു ആവശ്യവും ഇവിടെയില്ല. കാരണം 6.70 മീറ്റർ വീതിയിൽ ഫൗണ്ടേഷൻ ചെയ്തതിന് ശേഷം ശരാശരി 0.75 മീറ്റർ വീതിയിൽ മാത്രമാണ് സൈഡ് വാൾ കെട്ടുന്നത് എന്നതിനാൽ ഇരുവശത്ത് നിന്നും 3 മീറ്റർ അകലം

വിട്ടാണ് സൈഡ് വാൾ കെട്ടുന്നതെന്ന് മനസ്സിലാക്കാം.

3- 6.7 മീറ്റർ വീതിയിൽ മണ്ണ് നീക്കം ചെയ്തതിന്റെ ഇരു വശത്തും സെന്ററിംഗ് ചെയ്ത് 6.7 മീറ്ററിൽ തന്നെ കോൺക്രീറ്റ് ചെയ്തുവെന്ന് രേഖപ്പെടുത്തുന്നത് യുക്തിക്ക് നിരക്കുന്നതല്ല. അതിനെക്കാളും വീതിയിൽ മണ്ണ് നീക്കം ചെയ്യുമ്പോൾ മുകളിൽ നിന്നും മണ്ണ് ഇടിഞ്ഞ് വീഴാനുള്ള സാധ്യത കുറയുകയാണ് ചെയ്യുക.

യഥാർത്ഥത്തിൽ ഈ പ്രവൃത്തി റീ ഇൻഫോയ്സ്ഡ് കോൺക്രീറ്റ് ആയി ചെയ്യേണ്ട യാതൊരു ആവശ്യവും ഉണ്ടായിരുന്നില്ല. കാരണം ഹെവി വാഹനങ്ങൾ നിരന്തരം സഞ്ചരിക്കുന്ന നാഷണൽ ഹൈവേയുടെ സൈഡിലല്ല ഈ പ്രവൃത്തി ചെയ്തിട്ടുള്ളത്. എം.സി.എഫിലേക്കുള്ള റോഡിൽ പല ഭാഗത്തും കഷ്ടിച്ച് ഒരു കാറിന് പോകാനുള്ള വീതിയേ ഉള്ളൂ. വല്ലപ്പോഴുമേ എം.സി.എഫിലേക്ക് വാഹനം വരുമായിരുന്നുള്ളൂ. നിലവിൽ എം.സി.എഫ് കത്തി നശിച്ചതിനാൽ പ്രസ്തുത സ്ഥലത്ത് എം.സി.എഫ് പ്രവർത്തിക്കുന്നുമില്ല. മാത്രമല്ല, ഡ്രൈ റബിൾ മേസനറിയിൽ ഈ പ്രവൃത്തി ചെയ്യുകയാണെങ്കിൽ ഇതിന്റെ മൂന്നിലൊന്ന് ചെലവേ വരുമായിരുന്നുള്ളൂ.

ആയതിനാൽ മേൽ പട്ടികയിലുള്ളത് പ്രകാരം അധികമായി നൽകിയ **352972 രൂപ** കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്ന അക്രഡിറ്റഡ് ഏജൻസിയിൽ നിന്നോ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എം.സി.എഫ് സെന്ററിലേക്കുള്ള പുഴയോര സംരക്ഷണ ഭിത്തി നിർമ്മാണം – ഫൗണ്ടേഷൻ കോൺക്രീറ്റിന് തെറ്റായ അളവ് രേഖപ്പെടുത്തിയതിലൂടെ 352972 രൂപ അധികം നൽകി

എം.സി.എഫ് സെന്ററിലേക്കുള്ള പുഴയോര സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് അധിക അളവ് രേഖപ്പെടുത്തിയതിലൂടെ **352972 രൂപ**യുടെ നഷ്ടമുണ്ടായി.

നഗര സഞ്ചയ ഫണ്ടിൽ നിന്നും 1,50,00,000 രൂപ വകയിരുത്തി 2022-23 വർഷത്തിൽ സ്പിൽ ഓവറായി തയ്യാറാക്കിയ ഈ പ്രോജക്റ്റ്(255/22) നിർവ്വഹിക്കുന്നതിനായി, ഭരണസമിതിയുടെ 16-07-2022 ലെ 7(1) നമ്പർ തീരുമാന പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും PMC യായി ടെണ്ടർ ക്ഷണിക്കുന്നതിന് അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും, അതിനെ തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഏറ്റവും കുറഞ്ഞ സെന്റേജ് ചാർജ്ജ് ക്വാട്ട് ചെയ്ത ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ ) ലിമിറ്റഡ്, ആലുവ എന്ന അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുകയും ചെയ്തു ( ഭരണസമിതിയുടെ 31-08-2022 ലെ 1(1) നമ്പർ തീരുമാനം).

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഫൗണ്ടേഷൻ ചെയ്യുന്നതിന് 1.4 മീറ്റർ ആഴത്തിലും 6.7 മീറ്റർ വീതിയിലും മണ്ണ് നീക്കം ചെയ്ത് റിംഗ് ബണ്ടിനോടൊപ്പം മുകളിൽ നിന്ന് മണ്ണ് ഇടിഞ്ഞ് വീഴാതിരിക്കാൻ Trench ന് ചുറ്റും 1.5 മീറ്റർ താഴ്ചയിൽ Open Timbering In Trenches Including Strutting And Shoring Complete എന്ന ഇനവും (DSR Code 2.20.1) കൂടാതെ 1.4 മീറ്റർ താഴ്ചയിൽ Open Timbering In Trenches Including Strutting And Shoring Complete എന്ന ഇനവും (DSR Code 2.20.2)ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് മണ്ണെടുത്ത ഭാഗത്ത് 0.30 മീറ്റർ കനത്തിൽ ക്വാറി മക്ക് നിറച്ച് 0.20 മീറ്റർ കനത്തിൽ 1.4.8 ബെഡ് കോൺക്രീറ്റ് ചെയ്ത് അവശേഷിക്കുന്ന 0.90 മീറ്റർ താഴ്ചയിൽ സെന്ററിംഗ് & ഷട്ടറിംഗ് ചെയ്ത് അതിൽ റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് (1:2:4)ചെയ്യാനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.( സൈഡ് വാളിന്റെ നീളം 45.3 മീറ്ററും സൈഡ് വിംഗുകളുടെ നീളം യഥാക്രമം, 8.15 മീറ്റർ( Up Stream Side), 1.5 മീറ്റർ ( Down Stream Side)എന്നിങ്ങനെയും സെന്റർ വിങ്ങിന്റെ നീളം 1.4 മീറ്ററുമാണ്.)

പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ 1.4 മീറ്റർ ആഴത്തിൽ മണ്ണെടുത്ത്, 0.30 മീറ്റർ കനത്തിൽ ക്വാറി മക്ക് നിറച്ച്, 0.20 മീറ്റർ കനത്തിൽ ബെഡ് കോൺക്രീറ്റ് (1.4.8) ചെയ്തതിന് ശേഷം അവശേഷിക്കുന്ന 0.90 മീറ്റർ താഴ്ചയിൽ സെന്ററിംഗ് & ഷട്ടറിംഗ് ചെയ്തതായി കണ്ടു. എന്നാൽ 0.90 മീറ്റർ താഴ്ചയിലാണ്

സെന്ററിംഗ് ചെയ്തിട്ടുള്ളതെങ്കിലും റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിന്റെ (1:2:4) അളവ് രേഖപ്പെടുത്തിയപ്പോൾ 0.90 മീറ്റർ ഉയരം രേഖപ്പെടുത്തേണ്ടതിന് പകരം 1 മീറ്റർ ഉയരം എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതൊരിക്കലും ചെയ്യാൻ പറ്റുന്നതല്ല. കാരണം, 0.90 മീറ്റർ ഉയരത്തിൽ ചെയ്ത സെന്ററിംഗിനുള്ളിൽ 0.90 മീറ്റർ ഉയരത്തിൽ മാത്രമേ കോൺക്രീറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. എസ്റ്റിമേറ്റിലും അത്ര ഉയരമേ കാണിക്കുന്നുള്ളൂ. തുടർന്ന് ഫൗണ്ടേഷന് മുകളിൽ 44.4 മീറ്റർ നീളത്തിലും 7.35 മീറ്റർ ഉയരത്തിലും 0.75 മീറ്റർ വീതിയിലും സൈഡ് വാളിന് സെന്ററിംഗ് ചെയ്ത് അതിനുള്ളിൽ റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ചെയ്തിരിക്കുകയാണ്. അധിക അളവ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ചെയ്ത ഭാഗം | എം.ബുക്കിൽ രേഖപ്പെടുത്തിയ സെന്ററിംഗ് & ഷട്ടറിംഗിന്റെ അളവ് (M2) | എം.ബുക്കിൽ രേഖപ്പെടുത്തിയ കോൺക്രീറ്റിംഗിന്റെ അളവ് (M3) | യഥാർത്ഥത്തിൽ രേഖപ്പെടുത്തേണ്ട കോൺക്രീറ്റിംഗിന്റെ അളവ് (M3) |
|---|---|---|---|
| Foundation Out Side | 1x45.3x0.9 = 40.77 | 1x45.3x6.7x1=303.51 | 1x45.3x6.7x.9 =273.159 |
| Wing Centre | 2x1.4ox0.9 = 2.52 | 1x1.4x6.5x1 = 9.10 | 1x1.4x6.5x.9= 8.19 |
| Wing Side | 2x1.5x0.9 = 2.70 | 1x1.5x4.85x1 = 7.28 | 1x1.5x4.85x.9 = 6.5475 |
| U/S Side & D/S Side (Including Wing) | 2x8.15x0.9 = 14.68 | 1x1.5x4.85x1 = 7.27 | 1x1.5x4.85x.9 = 6.5475 |
| **Total** | | **327.16m$^3$** | **294.44m$^3$** |

റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിന്റെ അളവ് തെറ്റായി രേഖപ്പെടുത്തിയതിലൂടെ **352972 രൂപ**യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി | ഇനം/ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (18% GST ഉൾപ്പെടെ) |
|---|---|---|---|---|
| എം.സി.എഫ് സെന്ററിലേക്കുള്ള പുഴയോര സംരക്ഷണ ഭിത്തി നിർമ്മാണം (197/25)<br>സാങ്കേതികാനുമതി - FIT/TS-40/2022-23 Dt: 20-03-2023, തുക: 1,50,00,000<br>കരാർ - 69/22-23/30-03-2023<br>ഫണ്ട് - നഗരസഞ്ചയം<br>കോൺട്രാക്ടർ. ശ്രീ.മുനീർ.പി.പി<br>അക്രഡിറ്റഡ് ഏജൻസി - ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്)<br>അളവ് പുസ്തകം - 67/23-24<br>കോസ്റ്റ് ഇൻഡക്സ് - 36.44%<br>P.A No. C082408065986 | ഫൗണ്ടേഷൻ കോൺക്രീറ്റ് 327.16m$^3$<br>യഥാർത്ഥ അളവ് - 294.44m$^3$ | 2990926 @9142.09/ **M$^3$** **(Estimate Rate)** | 2691797 (9142.09 X 294.44) | **352972** (299129+ 53843 ) |

| | | | | | |
|---|---|---|---|---|---|
| | 07-08-2024 തുക :1,40,82,360 ( അക്രഡിറ്റഡ് ഏജൻസിക്കുള്ള സെന്റേജ് ചാർജ്ജ് 915353 രൂപ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ചെലവായി കാണിച്ചിട്ടുണ്ടെങ്കിലും PFMS ചെലവായി വന്നിട്ടില്ലെന്നാണ് മലപ്പുറം നഗരസഭയിൽ നിന്ന് അറിയിച്ചത്) | | | | |

അപാകതക്ക് വിശദീകരണം നൽകാനും അധികമായി നൽകിയ തുക തിരികെ ഈടാക്കാനും ആവശ്യപ്പെട്ട് 14-01-2026 ന് നൽകിയ 25 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 23-01-2026 ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടിയിൽ .90 മീറ്റർ ഉയരത്തിൽ സെന്ററിംഗ് നടത്തി കോൺക്രീറ്റ് ചെയ്ത് പൂർത്തിയാക്കിയതിന് ശേഷം ഫൗണ്ടേഷനോട് ചേർന്ന് 8 മീറ്ററോളം ഉയരത്തിലുള്ള മണ്ണ് കോൺക്രീറ്റിന് മുകളിലേക്ക് വീഴുകയുണ്ടായെന്നും ടി മണ്ണ് നീക്കം ചെയ്ത് നിലവിലുള്ള കോൺക്രീറ്റിന്റെ മുകൾഭാഗം ലെവൽ ചെയ്യുന്നതിന് വേണ്ടി 0.10 മീറ്ററിൽ കൂടി കോൺക്രീറ്റ് ചെയ്തതാണെന്നും പ്രസ്തുത കോൺക്രീറ്റിന്റെ സെന്ററിംഗ് അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഈ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ അംഗീകരിക്കുന്നില്ല.

1- ഏതൊരു പൊതുമരാമത്ത് പ്രവൃത്തിയുടെയും അടിസ്ഥാന രേഖയാണ് എം.ബുക്ക്. ഓരോ ഘട്ടത്തിലെയും ചെയ്ത പ്രവൃത്തികൾ യഥാസമയം എം.ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. സെന്ററിംഗ് അധികം ചെയ്തത് രേഖപ്പെടുത്താതെ കോൺക്രീറ്റ് ചെയ്തെന്ന് രേഖപ്പെടുത്തിയത് അംഗീകരിക്കാവുന്നതല്ല. എസ്റ്റിമേറ്റിൽ പറയാത്ത ഒരു കാര്യമാണ് ഇപ്രകാരം ചെയ്തെന്ന് അവകാശപ്പെടുന്നത്.

2- മുകളിൽ നിന്നും മണ്ണ് ഇടിഞ്ഞു വീണത് നീക്കം ചെയ്ത് കോൺക്രീറ്റ് ലെവൽ ചെയ്യേണ്ട യാതൊരു ആവശ്യവും ഇവിടെയില്ല. കാരണം 6.70 മീറ്റർ വീതിയിൽ ഫൗണ്ടേഷൻ ചെയ്തതിന് ശേഷം ശരാശരി 0.75 മീറ്റർ വീതിയിൽ മാത്രമാണ് സൈഡ് വാൾ കെട്ടുന്നത് എന്നതിനാൽ ഇരുവശത്ത് നിന്നും 3 മീറ്റർ അകലം വിട്ടാണ് സൈഡ് വാൾ കെട്ടുന്നതെന്ന് മനസ്സിലാക്കാം.

3- 6.7 മീറ്റർ വീതിയിൽ മണ്ണ് നീക്കം ചെയ്തതിന്റെ ഇരു വശത്തും സെന്ററിംഗ് ചെയ്ത് 6.7 മീറ്ററിൽ തന്നെ കോൺക്രീറ്റ് ചെയ്തുവെന്ന് രേഖപ്പെടുത്തുന്നത് യുക്തിക്ക് നിരക്കുന്നതല്ല. അതിനെക്കാളും വീതിയിൽ മണ്ണ് നീക്കം ചെയ്യുമ്പോൾ മുകളിൽ നിന്നും മണ്ണ് ഇടിഞ്ഞ് വീഴാനുള്ള സാധ്യത കുറയുകയാണ് ചെയ്യുക.

യഥാർത്ഥത്തിൽ ഈ പ്രവൃത്തി റീ ഇൻഫോയ്സ്ഡ് കോൺക്രീറ്റ് ആയി ചെയ്യേണ്ട യാതൊരു ആവശ്യവും ഉണ്ടായിരുന്നില്ല. കാരണം ഹെവി വാഹനങ്ങൾ നിരന്തരം സഞ്ചരിക്കുന്ന നാഷണൽ ഹൈവേയുടെ സൈഡിലല്ല ഈ പ്രവൃത്തി ചെയ്തിട്ടുള്ളത്. എം.സി.എഫിലേക്കുള്ള റോഡിൽ പല ഭാഗത്തും കഷ്ടിച്ച് ഒരു കാറിന് പോകാനുള്ള വീതിയേ ഉള്ളൂ. വല്ലപ്പോഴുമേ എം.സി.എഫിലേക്ക് വാഹനം വരുമായിരുന്നുള്ളൂ. നിലവിൽ എം.സി.എഫ് കത്തി നശിച്ചതിനാൽ പ്രസ്തുത സ്ഥലത്ത് എം.സി.എഫ് പ്രവർത്തിക്കുന്നുമില്ല. മാത്രമല്ല, ഡ്രൈ റബിൾ മേസനറിയിൽ ഈ പ്രവൃത്തി ചെയ്യുകയാണെങ്കിൽ ഇതിന്റെ മൂന്നിലൊന്ന് ചെലവേ വരുമായിരുന്നുള്ളൂ.

ആയതിനാൽ മേൽ പട്ടികയിലുള്ളത് പ്രകാരം അധികമായി നൽകിയ **352972 രൂപ** കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്ന അക്രഡിറ്റഡ് ഏജൻസിയുടെ അസി. എഞ്ചിനീയർ ശ്രീ.ജസ്റ്റിൻ.ടി, ചീഫ് എഞ്ചിനീയർ (പ്രൊജക്റ്റ്സ്) ശ്രീ.ബൈജു.ടി.പി എന്നിവരിൽ നിന്നും നഷ്ടതുക തുല്യമായി തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ്പ് പ്രീമിയം വിവരങ്ങൾ

**1)** മെഡിസെപ്പ് പ്രീമിയം ഒടുക്ക്(റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് | |
|---|---|---|---|---|---|
| 14 | 73000 | 73000 | 0 | 3 പുതിയ നിയമനങ്ങൾ, Sep 2024-1 Feb 2025- 2 പേർ | |

**2)** മെഡിസെപ്പ് പ്രീമിയം ഒടുക്ക് **(01/04/2024** മുതൽ **30/06/2024** നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളലരുടേത് ഒഴികെ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച് മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

**3)** മെഡിസെപ്പ് പ്രീമിയം ഒടുക്ക് **01/07/2024** സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ**).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 0 | 0 | 0 | 0 | 0 |

**4)** മെഡിസെപ്പ് പ്രീമിയം ഒടുക്ക് **(01/08/2024** മുതൽ **31/03/2025** നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക 07/2022 മുതൽ അല്ലെങ്കിൽ (07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 3 | 01/09/2024-1 Feb -25 - 2 Employees | 4000 | 4000 | 0 |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2024-25 | 2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-3 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ട് നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 18/25 - സമഗ്ര നെൽകൃഷി വികസനം | 57175 | 57175 | 0 |
| | 20/25 - പച്ചക്കറി കൃഷി കൂലിച്ചെലവ് സബ്സിഡി | 1,10,000 | 1,10,000 | 0 |
| | 40/25 – എൻ.കെ പടി പുല്ലാണികുണ്ട് മങ്ങാട്ടുപുലം റോഡ് കോൺക്രീറ്റ് ജനറൽ | 2,00,000 | 2,00,000 | 0 |
| | 66/25 – ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1050000 | 1050000 | 0 |
| | 162/25 - പാലിന് സബ്സിഡി | 65054 | 65054 | 0 |
| | 194/25 - ചക്കാലപറമ്പിൽ അമ്പേക്കടവ് കോളനി ലിങ്ക് റോഡ് കോൺക്രീറ്റ് | 2,00,000 | 2,00,000 | 0 |
| | 208/25 - പരുവമണ്ണപള്ളിപ്പടി ചോലത്തൊടി റോഡ് ടാറിംഗ് | 2,00,000 | 2,00,000 | 0 |
| | 210/25 - ഒറ്റത്തറ പുളിയാട്ടുകുളം സ്മാർട്ട് റോഡ് കോൺക്രീറ്റ് | 199945 | 199945 | **0** |
| | 225/25 - ചെമ്മങ്കടവ് പള്ളിയാൾതൊടി റോഡ് കോൺക്രീറ്റ് | 150000 | 150000 | 0 |
| | 228/25 – ഇട്ടേക്കുളങ്ങര പാക്കുളത്തിൽ പാത്ത്‌വേ നടപ്പാത | 240223 | 240223 | 0 |
| | 272/25- വരിക്കോട് യു.പി സ്കൂൾ വീരാല എസ് സി കോളനി റോഡ് പുനുരുദ്ധാരണം | 200000 | 200000 | 0 |
| | **ആകെ** | **2672397** | **2672397** | |
| ജില്ലാ പഞ്ചായത്ത് | 66/25 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,50,000 | 3,50,000 | 0 |

| | | | | |
|---|---|---|---|---|
| | 147/25 - എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,15,000 | 4,15,000 | 0 |
| | **ആകെ** | **7,65,000** | **7,65,000** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം.,തീയതി, ഫണ്ട് | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 335/25 – വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി നൽകൽ | 22400818/ G100605/6737672 തീയതി: 07.01.2025 | 41090 | 41090 | 0 | U.C.NO: DB/39/2025-26 തീയതി: 06.06.2025 |
| | | 22400828/ G100605/6737673 തീയതി: 17.01.2025 | 13934 | 13934 | 0 | U.C.NO: DB/39/2025-26 തീയതി: 06.06.2025 |
| | | 22400904/ G100605/6737678 തീയതി: 04.02.2025 | 17518 | 17518 | 0 | U.C.NO: DB/39/2025-26 തീയതി: 06.06.25 |
| | | 22401007/ G100605/6737682 തീയതി: 03.03.2025 | 13934 | 13934 | 0 | U.C.NO: DB/39/2025-26 തീയതി: 06.06.25 |
| **ആകെ** | | | **96503** | **96503** | **0** | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-6 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി – HUDCO | – | 83,69,840 | 79,51,348 | 0 | 5,79,450 | – | 73,71,898 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (₹) | 8258860 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 1379705 |
| ആകെ (₹) | 9638565 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം (₹) | 9638565 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നം./ തീയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്. 1378 | 1643461 | FDST/010813, 28.09.17 |
| | കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്. 1378 | 1000000 | FDST/0112114 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,മലപ്പുറം | 1675204 | 4145471403 |
| 3 | കേരള ഗ്രാമീൺ ബാങ്ക്, കോഡൂർ | 1329975 | 40105202300074 |
| 4 | കേരള ഗ്രാമീൺ ബാങ്ക്, കോഡൂർ | 1329975 | 40105202300075 |
| 5 | കേരള ഗ്രാമീൺ ബാങ്ക്, കോഡൂർ | 1329975 | 40105202300077 |
| 6 | കേരള ഗ്രാമീൺ ബാങ്ക്, കോഡൂർ | 1329975 | 40105202300078 |
| | **ആകെ** | **96,38,565** | |

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36,261/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2023-24 | 1-12 | 3,080 | മെഡിക്കൽ ഓഫീസർ | 1240406888/28.02.2025 |
| 2022-23 | 1-27 | 9,263 | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 1240406883/13.06.2024 |
| 2023-24 | Audit Enquiry No. 12/17.12.2024 | 4,714 | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 1230402802/23.12.2024 |
| 2023-24 | Audit Enquiry No.23/19.12.2024 | 3,214 | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 1230402803/23.12.2024 |
| 2023-24 | 1-29 | 15,990 | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 1240404542/08.01.2025 |
| **ആകെ** | | **36,261** | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|---|---|
| 2005-06 | 3(7) | 2008-09 | - | സമഗ്ര ആരോഗ്യ ഇൻഷുറൻസ് തുക തിരികെ ലഭിച്ചില്ല |
| - | - | 2012-2013 | - | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് – തൊഴിലുറപ്പ് പദ്ധതി |
| 2014-15 | 2-3 | 2016-2017 | - | - |
| 2019-20 | 1-22<br>1-23<br>1-24 | 2020-2021 | 2(3) | അനുബന്ധം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക
ഇല്ല
ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക (₹) | |
| 1 | 1997-98 | 3-2, 3-3, | ശ്രീ. ഒ. ഉണ്ണികൃഷ്ണൻ | LF21822/ Spl.Cell/ SC5/03 Dt.24.07.2014 | 2,247 | സെക്രട്ടറിയുടെ 05.6.2012ലെ എ1/201/2007 കത്ത് ശ്രീ. ഒ. ഉണ്ണികൃഷ്ണൻ മരണപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 80244229 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 71804505 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 352972 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 379093 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 352972 | 1- ശ്രീ. ജസ്റ്റിൻ.ടി, അസി. എഞ്ചിനീയർ(176486) 2- ശ്രീ.ബൈജു.ടി.പി, ചീഫ് എഞ്ചിനീയർ, പ്രൊജക്റ്റ്സ് (176486) |
| **ആകെ** | | **352972** | |

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 199093 | ഡോ. പ്രജീഷ് .വി, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-24 | 180000 | ശ്രീമതി. ബിന്ദു. ബി, അസി.സെക്രട്ടറി |
| **ആകെ** | **379093** | |

**ഡി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**
ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.
ഇല്ല.
എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1- ശ്രീ. ജസ്റ്റിൻ.ടി, | അസി. എഞ്ചിനീയർ, ഫോറസ്റ്റ് | ലഭ്യമല്ല |

| | | |
|---|---|---|
| അസി. എഞ്ചിനീയർ | ഇൻഡസ്ട്രീസ് (ട്രാവൻകൂർ ) ലിമിറ്റഡ്, ആലുവ, 683106, ഫോൺ – 0484 2623642 E- Mail : Fitkerala@Yahoo.Co.In | |
| 2- ശ്രീ.ബൈജു.ടി.പി, ചീഫ് എഞ്ചിനീയർ, പ്രൊജക്റ്റ്സ് | ചീഫ് എഞ്ചിനീയർ,പ്രൊജക്റ്റ്സ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ ) ലിമിറ്റഡ്, ആലുവ, 683106, ഫോൺ – 0484 2623642 E- Mail : Fitkerala@Yahoo.Co.In | ലഭ്യമല്ല |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1988-89, 1989-90, 1990-91 | കെ.എസ്.എ.എം.പി.എം.27/1695/17, തി. 18.01.2018 | 2 |
| 2 | 1996-97 | കെ.എസ്.എ.എം.പി.എം.27/2824/2022(3), തി. 25.05.2023 | 4 |
| 3 | 1997-98 | കെ.എസ്.എ.എം.പി.എം.27/2824/2022(4), തി. 25.05.2023 | 2 |
| 4 | 1998-99 | കെ.എസ്.എ.എം.പി.എം.27/2824/2022(5), തി. 25.05.2023 | 2 |
| 5 | 1999-00 | കെ.എസ്.എ.എം.പി.എം.27/2123/22, തി. 13.10.2022 | 3 |
| 6 | 2000-01 | കെ.എസ്.എ.എം.പി.എം.27/2123/22(1), തി. 13.10.2022 | 12 |
| 7 | 2001-02 | കെ.എസ്.എ.എം.പി.എം.27/2123/22 (2), തി. 13.10.2022 | 2 |
| 8 | 2003-04 | കെ.എസ്.എ.എം.പി.എം.27/2123/22(3), തി. 13.10.2022 | 3 |
| 9 | 2004-05 | കെ.എസ്.എ.എം.പി.എം.27/2123/22 (4), തി. 13.10.2022 | 1 |
| 10 | 2005-06 | കെ.എസ്.എ.എം.പി.എം.27/2123/22 (5), തി. 13.10.2022 | 6 |
| 11 | 2006-07 | കെ.എസ്.എ.എം.പി.എം.27/2123/22 (6), തി. 13.10.2022 | 4 |
| 12 | 2007-08 | എൽ.എഫ്.എം.12/731/11, തി. 08.06.2011 | 24 |
| 13 | 2008-09 | കെ.എസ്.എ.എം.പി.എം.27/2123/22 (7), തി. 13.10.2022 | 7 |
| 14 | 2009-10 | കെ.എസ്.എ.എം.പി.എം.27/2123/22 (8), തി. 13.10.2022 | 2 |
| 15 | 2010-11 | കെ.എസ്.എ.എം.പി.എം.27/2123/22 (9), തി. 13.10.2022 | 2 |
| 16 | 2011-12 | കെ.എസ്.എ.എം.പി.എം.27/2123/22 (11), തി. 13.10.2022 | 3 |
| 17 | 2012-13 | കെ.എസ്.എ.എം.പി.എം.27/2123/22 (10), തി. 13.10.2022 | 2 |

| | | | |
|---|---|---|---|
| 18 | 2013-14, 2014-15 | കെ എസ് എ എം പി എം.27/2096/16, തി.01.01.2018 | 8 |
| 19 | 2015-16 | കെ എസ് എ എം പി എം 27/3/17തി. 15.02.2018 | 9 |
| 20 | 2016-17 | കെ.എസ്.എ.എം.പി.എം.27/1566/17, തി. 08.05.2018 | 8 |
| 21 | 2017-18 | കെ.എസ്.എ.എം.പി.എം.27/606/19, തി. 16.09.2022 | 7 |
| 22 | 2018-19 | കെ.എസ്.എ.എം.പി.എം.27/926/2020, തി. 11.12.2020 | 9 |
| 23 | 2019-20 | കെ.എസ്.എ.എം.പി.എം.27/591/2021, തി.17.11.2021 | 22 |
| 24 | 2020-21 | കെ.എസ്.എ.എം.പി.എം.27/1410/22, തി. 23.11.2022 | 15 |
| 25 | 2021-22 | കെ.എസ്.എ.എം.പി.എം.27/591/2023, തി. 05.09.2023 | 16 |
| 26 | 2022-23 | കെ.എസ്.എ.എം.പി.എം.27/2799/2023, തി. 21.02.24 | 25 |
| 26 | 2023-24 | കെ.എസ്.എ.എം.പി.എം.27/2641/2024, തി. 11.03.25 | 18 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 24-06-2025 and submitted on 24-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kodur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kodur Grama Panchayat as on 31-03-2025

**Date: 09/02/2026** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Kodur Grama Panchayat for the Year 2024-2025.**

**1.Major Observations**

NIL

**2.Other Observations**

**1**)The Asset value shown in Balance Sheet is not traceable to Asset register due to un supported design of existing asset register.
2)Grant amount shown as liability in Balance sheet does not match with bank account opened for the specific grant account. Details are given below

| B4 | B17 | Difference |
|---|---|---|
| CFC(TIED+UNTIED)<br>2438908+8797735=11236643 | 12736698 | 1500055 |

3)The following Expenditures in grant items do not match with ACR and AFS

| SL.NO | grant | ACR | AFS (I6+B3(23-24)-(24-25)) | Difference |
|---|---|---|---|---|
| 1 | development fund general | 22045814+Go Project(1647184)=3851765 | 21694935+(2364904-486641)=23573198 | 19721433 |
| 2 | Tied | 6050487 | 5312568+(4425020-4417689)=5319899 | 730588 |

4)The following Bank accounts not included in the annual financial statement

| Bank account |
|---|
| 40165101094334 KGB |
| 40165101098084 KGB |
| State Bank Of India 10427103576 |
| 40165101076620 KGB |
| 40165101088689 KGB |

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്